# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 721** | **29/11/2018-ൽ മറുപടിയ്ക്ക്**

## ലോണുകൾക്ക് സർഫാസി ആക്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന ലോണുകൾക്ക് സർഫാസി ആക്ട്എന്നു മുതൽ ബാധകമാക്കി; വിശദമാക്കാമോ; | (എ) | 28/01/2003 ൽ സെക്യൂരിറ്റൈസേഷൻ ആക്ട് സഹകരണ ബാങ്കുകൾക്ക് കൂടി ബാധകമാക്കി കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 22-04-2003 ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് ഈ വിഷയം ചർച്ച ചെയ്യുകയും, ഈ നിയമം സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ നല്കേണ്ടതാണ് എന്ന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 29-08-2003-ൽ സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നമ്പർ 50/2003 പ്രകാരം സഹകരണ ബാങ്കുകൾക്ക് ടി ആക്ട് ബാധകമാക്കി സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആക്ട് നടപ്പിൽ വന്നശേഷം സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത എത്ര പേരുടെ സ്വത്തുവകകൾ ജപ്തി ചെയ്തു; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (ബി) | 6752 പേരുടെ സ്വത്തുവകകൾ ജപ്തി ചെയ്തു.<br><br>തിരുവനന്തപുരം- 4972<br>കൊല്ലം- 788<br>പത്തനംതിട്ട- 87<br>ആലപ്പുഴ-48 |

| | | | |
|---|---|---|---|
| | | | കോട്ടയം-168<br>ഇടുക്കി-63<br>എറണാകുളം-41<br>തൃശ്ശൂർ-96<br>മലപ്പുറം-123<br>പാലക്കാട്-42<br>കോഴിക്കോട്-133<br>വയനാട്-117<br>കണ്ണൂർ-74<br>കാസർഗോഡ്-0 |
| (സി) | പ്രസ്തുത ആക്ട് പ്രകാരം എത്ര പേരുടെ സ്വത്തുക്കൾ ജപ്തി ചെയ്യാൻ സഹകരണ ബാങ്കുകൾ നിർദ്ദേശം നൽകിയിട്ടുണ്ട്; പ്രസ്തുത ആളുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (സി) | 5509 പേരുടെ സ്വത്തുക്കൾ ജപ്തി ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം- 2062<br>കൊല്ലം- 770<br>പത്തനംതിട്ട-106<br>ആലപ്പുഴ-31<br>കോട്ടയം-213<br>ഇടുക്കി-49<br>എറണാകുളം-82<br>തൃശ്ശൂർ-130<br>മലപ്പുറം-810<br>പാലക്കാട്-72<br>കോഴിക്കോട്-450<br>വയനാട്-590<br>കണ്ണൂർ-89<br>കാസർഗോഡ്-55 |

**സെക്ഷൻ ഓഫീസർ**